REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 15-02-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- നേട്ടങ്ങൾ കൈവരിക്കാനും മികച്ച സംഭാവനകൾ നൽകാനും രാജ്യത്തെ സ്ത്രീശക്തി പ്രതീക്ഷയ്ക്കൊപ്പം വളരുകയാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.
- സംസ്ഥാന മലയോര ഹൈവേയുടെ കോടഞ്ചേരി -കക്കാടംപൊയിൽ റീച്ച് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നാടിന് സമർപ്പിക്കും.
- സംസ്ഥാന ഗവൺമെന്റിന്റെ വിജ്ഞാന കേരളം പദ്ധതിക്ക് ഇന്ന് ആലപ്പുഴയിൽ തുടക്കമാകും.
- വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഉദ്ഘാടന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിന് വിജയം.
- ISL ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ്, മോഹൻ ബഗാനെ കൊച്ചിയിൽ നേരിടും.

## വാർത്തകൾ വിശദമായി

**നേട്ടങ്ങൾ കൈവരിക്കാനും മികച്ച സംഭാവനകൾ നൽകാനും രാജ്യത്തെ സ്ത്രീശക്തി പ്രതീക്ഷയ്ക്കൊപ്പം വളരുകയാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു അഭിപ്രായപ്പെട്ടു. ബംഗളുരുവിലെ ആർട് ഓഫ് ലിവിങ് ഇന്റർനാഷണൽ സെന്ററിൽ പത്താമത് അന്താരാഷ്ട്ര വനിതാ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.**

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്).....**

വലിയ സ്വപ്നങ്ങൾ കാണാനും അവ സാക്ഷാത്കരിക്കാനും ധൈര്യവും ശക്തിയും കഴിവും ആർജ്ജിക്കാൻ ദ്രൗപതി മുർമു സ്ത്രീകളോട് അഭ്യർത്ഥിച്ചു. സ്ത്രീകൾ നിർഭയരായിരിക്കണമെന്നും ലക്ഷ്യങ്ങൾ കൈവരിക്കാൻ തടസ്സങ്ങൾ നീക്കി കാലഹരണപ്പെട്ട മാതൃകകളെ വെല്ലുവിളിക്കണമെന്നും അവർ നിർദേശിച്ചു. അനുകമ്പ, സ്നേഹം, ഐക്യം, തുടങ്ങിയ മാനുഷിക മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോരുത്തരും ബോധപൂർവം കൂടുതൽ ശ്രമിക്കണമെന്നും രാഷ്ട്രപതി ആവശ്യപ്പെട്ടു. അർത്ഥപൂർണ്ണമായ ജീവിതം നയിക്കാനും കുടുംബത്തിനും സമൂഹത്തിനും ലോകത്തിനും സംഭാവന നൽകാനും സ്ത്രീകൾക്ക് സവിശേഷമായ കഴിവുകളുണ്ടെന്ന് രാഷ്ട്രപതി എടുത്തു പറഞ്ഞു.

✪✪✪

മൂന്നാമത് കാശി- തമിഴ് സംഗമം ഇന്ന് വാരണാസിയിൽ ആരംഭിക്കും. കേന്ദ്രമന്ത്രി ധർമ്മേന്ദ്രപ്രധാനും, UP മുഖ്യമന്ത്രി യോഗി ആദിത്യനാഥും, കേന്ദ്രസഹമന്ത്രി ഡോ. L മുരുകനും ചേർന്ന് ഉദ്ഘാടനം ചെയ്യും. പത്തു ദിവസത്തെ കാശി- തമിഴ് സംഗമം ഈ മാസം 24 ന് സമാപിക്കും. തമിഴ്നാടും കാശിയും തമ്മിൽ ഉണ്ടായിരുന്ന സാംസ്കാരികവും ബൗദ്ധികവുമായ ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയാണ് വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കാശി- തമിഴ് സംഗമത്തിന്റെ ലക്ഷ്യം.

✪✪✪

പ്രയാഗ് രാജ് മഹാകുംഭമേള 50 കോടിയിലേറെപ്പേർ നേരിട്ട് പങ്കെടുത്ത ലോകത്തെ ഏറ്റവും വലിയ മേളയെന്ന ബഹുമതി സ്വന്തമാക്കി. ഇന്നലെ വൈകിട്ട് ആറു വരെ 50 കോടി നാല് ലക്ഷത്തിലേറെ ഭക്തർ ത്രിവേണി സംഗമത്തിൽ തീർത്ഥസ്നാനം നടത്തി. മത-സാംസ്കാരിക- സാമൂഹ്യ മേളകളിൽ ഇത്രയേറെ ആളുകൾ പങ്കെടുക്കുന്നത് ലോകത്ത് ഇതാദ്യമായാണെന്ന് UP ഗവൺമെന്റ് വിലയിരുത്തി.

✪✪✪

സംസ്ഥാന മലയോര ഹൈവേയിൽ കോഴിക്കോട് ജില്ലയിൽ നിർമ്മാണം പൂർത്തിയായ കോടഞ്ചേരി -കക്കാടംപൊയിൽ റീച്ച് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നാടിന് സമർപ്പിക്കും. ഉച്ചകഴിഞ്ഞ് കൂടരഞ്ഞിയിലാണ് ഉദ്ഘാടന ചടങ്ങ്. 34 കിലോമീറ്റർ റീച്ച് 195 കോടി രൂപ ചെലവിലാണ് നിർമ്മാണം പൂർത്തീകരിച്ചത്. കോഴിക്കോട്ട് മറ്റു ചില പരിപാടികളിലും മുഖ്യമന്ത്രി പങ്കെടുക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്).....

രാവിലെ കുന്ദമംഗലം CWRDM ൽ കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിലെയും അനുബന്ധസ്ഥാപനങ്ങളിലെയും ശാസ്ത്രജ്ഞർ പങ്കെടുക്കുന്ന സയന്റിസ്റ്റ് കോൺക്ലേവിൽ മുഖ്യമന്ത്രി സംബന്ധിക്കും. കാലാവസ്ഥാ ദുരന്തങ്ങൾ, ജലം, ഭൂമി, പ്രകൃതി വിഭവങ്ങൾ ,മനുഷ്യ-വന്യജീവി സംഘർഷം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്ന കോൺക്ളൈവിൽ മുഖ്യമന്ത്രി ശാസ്ത്രജ്ഞരുമായി സംവദിക്കുകയും ചെയ്യും.

CWRDM ലെ ഗസ്റ്റ് ഹൗസ്- ട്രെയിനീസ് ഹോസ്റ്റൽ സമുച്ചയത്തിനും, കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് സ്റ്റുഡന്റ് ഹോസ്റ്റലിനും മുഖ്യമന്ത്രി തറക്കല്ലിടും.

സംസ്ഥാന വഖഫ് ബോർഡിന്റെ കോഴിക്കോട് ഡിവിഷണൽ ഓഫീസും മുഖ്യമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യും. കോഴിക്കോട് EMS സ്റ്റേഡിയത്തിന് സമീപം സംഘടിപ്പിക്കുന്ന ചടങ്ങിൽ മന്ത്രി V അബ്ദുറഹ്മാൻ അധ്യക്ഷനാകും.

വൈകിട്ട് മുതലക്കുളം മൈതാനിയിൽ KSTA സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായ പ്രകടനവും പൊതുസമ്മേളനവും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

അടുത്ത ദിവസങ്ങളിൽ റാഗിങ്ങുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുണ്ടായ സംഭവങ്ങൾ ദൗർഭാഗ്യകരമാണെന്ന് മന്ത്രി ഡോ.R ബിന്ദു പറഞ്ഞു. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിലല്ല റാഗിംഗ് ഉണ്ടായതെന്നും അതിനാൽ നേരിട്ട് ഇടപെടുന്നതിന് വകുപ്പിന് പരിമിതികളുണ്ടെന്നും മന്ത്രി കോഴിക്കോട്ട് പറഞ്ഞു.

സമൂഹത്തിന് മാതൃകയാകേണ്ട വിദ്യാർത്ഥികളിൽ നിന്ന് ഇത്തരം പ്രവർത്തികൾ ഉണ്ടായത് സങ്കടകരമാണെന്ന് അവർ അഭിപ്രായപ്പെട്ടു. കോഴിക്കോട് ഗവ: ആർട്സ് കോളേജ് ലിറ്ററേച്ചർ ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കോട്ടയം ഗവ: നഴ്സിംഗ് കോളേജ് ഹോസ്റ്റലിലെ റാഗിംഗുമായി ബന്ധപ്പെട്ട്, പ്രിൻസിപ്പൽ പ്രൊഫ. A.T സുലേഖ, അസി. വാർഡന്റെ ചുമതല വഹിക്കുന്ന അസി. പ്രൊഫസർ അജീഷ് P മാണി എന്നിവരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. ഹൗസ് കീപ്പർ കം സെക്യൂരിറ്റിയെ നീക്കം ചെയ്യാനും നിർദേശം നൽകിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ അന്വേഷണത്തെ തുടർന്നാണ് നടപടി.

✪✪✪

സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പാക്കുന്ന സബ്ജക്റ്റ് മിനിമം പദ്ധതി ഈ വർഷം എട്ടാം ക്ലാസിൽ നടപ്പാക്കുമെന്ന് മന്ത്രി V. ശിവൻകുട്ടി അറിയിച്ചു. 2026-ഓടെ പദ്ധതി 9, 10 ക്ലാസുകളിലേക്കും വ്യാപിപ്പിക്കും. കാസർകോട്ടെ കാനത്തൂർ ഗവൺമെന്റ് UP സ്കൂളിൽ ഒരു കോടി 34 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

വിദ്യാഭ്യാസ മേഖലയിലെ സമഗ്ര ഗുണനിലവാര പദ്ധതിയിലെ പരിഷ്ക്കരണങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്ന് മറ്റൊരു ചടങ്ങിൽ മന്ത്രി ആവശ്യപ്പെട്ടു. കുറ്റിക്കോൽ ഗവൺമെന്റ് ഹൈസ്കൂളിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച എട്ട് ക്ലാസ് മുറികളും, അസംബ്ലി ഹാളും നാടിന് സമർപ്പിക്കുകയായിരുന്നു മന്ത്രി.

✪✪✪

കോഴിക്കോട് കൊയിലാണ്ടിയിൽ ഉത്സവത്തിനിടെ ആന വിരണ്ട് ഓടി ഉണ്ടായ അപകടത്തിൽ മരിച്ചവരുടെ വീടുകളും ക്ഷേത്ര പരിസരവും മന്ത്രി A.K ശശീന്ദ്രൻ രാവിലെ സന്ദർശിക്കും. മന്ത്രിമാരായ MB രാജേഷും, P.A മുഹമ്മദ് റിയാസും മരിച്ചവരുടെ വീടുകളിൽ ഇന്നലെ എത്തിയിരുന്നു.

അപകടത്തിന്റെ പശ്ചാത്തലത്തിൽ ഇന്നു മുതൽ ഈ മാസം 21 വരെ ജില്ലയിലെ ആന എഴുന്നള്ളിപ്പുകൾ റദ്ദാക്കാൻ ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി യോഗം തീരുമാനിച്ചു.

✪✪✪

തലശ്ശേരി നിയോജക മണ്ഡലത്തിൽ കുടിവെള്ള പദ്ധതികൾക്കായി പൈപ്പിട്ട ഭാഗങ്ങളിലെ പുനഃസ്ഥാപന പ്രവൃത്തി മാർച്ച് 15നകം പൂർത്തിയാക്കാൻ തീരുമാനിച്ചു. പദ്ധതികളുടെ പുരോഗതി വിലയിരുത്താൻ നിയമസഭാ സ്പീക്കർ A.N ഷംസീറിന്റെ അധ്യക്ഷതയിൽ ചേർന്ന വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെയും, തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും യോഗത്തിലാണ് തീരുമാനം.

✪✪✪

പത്തനംതിട്ടയിലെ ടൗൺ സ്ക്വയർ വൈകിട്ട് നിയമസഭാ സ്പീക്കർ A.N ഷംസീർ നാടിന് സമർപ്പിക്കും. സ്ക്വയറിൽ മുൻ MLA, K.K നായരുടെ പ്രതിമയും അദ്ദേഹം അനാച്ഛാദനം ചെയ്യും. ജസ്റ്റിസ് ഫാത്തിമാ ബീവി സ്മാരക കവാടം മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി രാവിലെ കോഴിക്കോട്ട് മന്ത്രി V അബ്ദുറഹിമാൻ

ഉദ്ഘാടനം ചെയ്യും. കോർപറേഷനിൽ നിന്ന് എടുത്ത വായ്പകൾ യഥാസമയം തിരിച്ചടയ്ക്കാത്തവർക്ക് ഇളവു നൽകുന്ന പദ്ധതിയാണിത്. 2024 ഒക്ടോബർ ഒന്നു മുതൽ 2025 മാർച്ച് 31 വരെയാണ് പദ്ധതിയുടെ കാലാവധി.

✪✪✪

വഡോദരയിൽ വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഉദ്ഘാടന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, ഗുജറാത്ത് ജയന്റ്സിനെ ആറ് വിക്കറ്റിന് പരാജയപ്പെടുത്തി. ഗുജറാത്ത് ഉയർത്തിയ 202 റൺസ് വിജയലക്ഷ്യം ബംഗളൂരു നാല് വിക്കറ്റ് നഷ്ടത്തിൽ 9 പന്ത് ശേഷിക്കെ മറി കടന്നു.

ഇന്ന് മുംബൈ ഇന്ത്യൻസ് , ഡൽഹി ക്യാപിറ്റൽസിനെ വൈകിട്ട് ഏഴരയ്ക്ക് വഡോദരയിൽ നേരിടും.

✪✪✪

ഡെറാഡൂൺ ദേശീയ ഗെയിംസിലെ ജിംനാസ്റ്റിക്സിൽ കണ്ണൂരിലെ അമാനി ദിൽഷാദ് ചരിത്ര നേട്ടം സ്വന്തമാക്കി. അൺ ഈവൺ ബാർസ് ഇനത്തിലാണ് 18 കാരിയായ അമാനി കേരളത്തിന് വേണ്ടി ആദ്യ വെങ്കലം നേടിയത്. സംസ്ഥാന ജിംനാസ്റ്റിക്സ് ചാമ്പ്യൻഷിപ്പിൽ വനിതാ ഓവറോൾ ചാമ്പ്യനായിരുന്നു അമാനി.

✪✪✪

ഏപ്രിൽ നാല് മുതൽ K-സ്മാർട്ട് പദ്ധതിയുടെ സേവനം സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ലഭ്യമാകുമെന്ന് മന്ത്രി MB രാജേഷ് അറിയിച്ചു. കോഴിക്കോട്ടെ കുന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ നവീകരിച്ച കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഇതോടെ തദ്ദേശ സേവനങ്ങൾ മുഴുവൻ ഓൺലൈനായി മാറ്റിയ ഇന്ത്യയിലെ ഏക സംസ്ഥാനമായി കേരളം മാറും.

✪✪✪

ജലമലിനീകരണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കുടിവെള്ള സ്രോതസുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്ന പരിശ്രമങ്ങൾക്ക് അതീവ പ്രാധാന്യമുണ്ടെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. വടകരയിൽ സൗജന്യ കുടിവെള്ള പരിശോധന പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.ULCC ശതാബ്ദിയാഘോഷങ്ങളുടെ ഭാഗമായി സൊസൈറ്റിയുടെ ഉപസ്ഥാപനമായ മാസ്റ്റർ ലാബാണ് സൗജന്യ കുടിവെള്ള പരിശോധന പദ്ധതി നടപ്പാക്കുന്നത്.

✪✪✪

അഖില കേരള റേഡിയോ ലിസനേഴ്സ് അസോസിയേഷൻ മലപ്പുറം ജില്ലാ കമ്മറ്റി സംഘടിപ്പിക്കുന്ന റേഡിയോ ശ്രോതാക്കളുടെ സുഹൃദ് സംഗമം നാളെ

മഞ്ചേരിയിൽ നടത്തും. സഭാഹാളിലെ സംഗമം UA ലത്തീഫ് MLA ഉദ്ഘാടനം ചെയ്യും. കോഴിക്കോട് നിലയത്തിൽ നിന്ന് വിരമിക്കുന്ന വാർത്താ അവതാരകൻ ഹക്കീം കൂട്ടായിയെ ചടങ്ങിൽ ആദരിക്കും.

✪✪✪

റേഡിയോ കിസാൻ ദിവസിന്റെ ഭാഗമായി ആകാശവാണി കണ്ണൂർ നിലയം ഇന്ന് കാസർഗോഡ് ബേഡകത്ത് കാർഷിക സെമിനാർ സംഘടിപ്പിക്കും. ബേഡകം ഫാർമേഴ്സ് ബാങ്ക് ഓഡിറ്റോറിയത്തിലെ ആഘോഷ പരിപാടി കാസർഗോഡ് ജില്ലാ ആസൂത്രണ ബോർഡ് അംഗം C. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും.

✪✪✪

സുപ്രീംകോടതി നിർദ്ദേശപ്രകാരം പൊതുവിവരങ്ങൾ സ്വമേധയാ വെളിപ്പെടുത്താത്ത ഓഫീസുകൾ വിവരാവകാശ കമ്മീഷൻ നേരിട്ടെത്തി പരിശോധിക്കുമെന്നും, വിവരങ്ങൾ നൽകാത്തവർക്കെതിരെ കർശന നടപടിയെടുക്കുമെന്നും വിവരാവകാശ കമ്മീഷണർ T.K രാമകൃഷ്ണൻ പറഞ്ഞു. എല്ലാ ഓഫീസുകളും പരിശോധനയ്ക്ക് സജ്ജമായിരിക്കണമെന്നും വിവരം ലഭ്യമല്ല എന്ന മറുപടി സ്വീകരിക്കില്ലെന്നും ആലപ്പുഴയിലെ കമ്മീഷൻ അദാലത്തിൽ രാമകൃഷ്ണൻ വ്യക്തമാക്കി.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News Team: രജിന കെ*
*DEO : ഷീബ*